പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2756 02.04.2013 ലെ മറുപടിയ്ക്ക്

<u>ബി.ടെക്ക് പ്രാക്ടിക്കൽ പരീക്ഷ വീണ്ടും നടത്തിയ നടപടി</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.കെ. ലതിക | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>*(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി)* |

| | | | |
| --- | --- | --- | --- |
| (എ) | കോഴിക്കോട് സർവ്വകലാശാല പ്രൊ-വൈസ്ചാൻസലറുടെ പി.എ.യുടെ മകൾക്കുവേണ്ടി ബി.ടെക് പ്രാക്ടിക്കൽ പരീക്ഷ വീണ്ടും നടത്തിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജിലെ പ്രാക്ടിക്കൽ പരീക്ഷയിൽ തോറ്റ 24 വിദ്യാർത്ഥികൾക്ക് വേണ്ടി വീണ്ടും പരീക്ഷ നടത്തിയിട്ടുണ്ട്. |
| (ബി) | ഈ വിഷയത്തിൽ പരീക്ഷ കൺട്രോളറുടെയും, പരീക്ഷാ ബോർഡിന്റെയും അഭിപ്രായം എന്തായിരുന്നു; ആരുടെ ഉത്തരവു പ്രകാരമാണ് പരീക്ഷ വീണ്ടും നടത്തിയതെന്ന വ്യക്തമാക്കുമോ; | (ബി) | പരീക്ഷാ ബോർഡ് ചെയർമാന്റെ അഭിപ്രായം പുന:പരീക്ഷ നടത്തേണ്ടതില്ല എന്നായിരുന്നു. പരീക്ഷാ കൺട്രോളർ അന്തിമതീരുമാനത്തിനായി പരീക്ഷാ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് ഫയൽ സമർപ്പിക്കുകയും സ്റ്റാൻഡിംഗ് കമ്മിറ്റി പുന:പരീക്ഷ നടത്തേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തു. വൈസ് ചാൻസിലറുടെ തീരുമാനപ്രകാരം പ്രോ വൈസ് ചാൻസിലർ 03.09.2012-ന് പരീക്ഷാ കൺട്രോളർക്ക് നൽകിയ ഉത്തരവ് പ്രകാരമാണ് പുന:പരീക്ഷ നടത്തിയിട്ടുള്ളത്. പുന:പരീക്ഷ നടത്തുന്നതിന് ബഹു. കേരള ഹൈക്കോടതിയുടെ അനുകൂല ഉത്തരവും ഉണ്ടായിരുന്നു. പരീക്ഷാബോർഡ് ചെയർമാൻ നേരത്തെ സ്വീകരിച്ച നിലപാടിൽ പന്നീട് ഖേദപ്രകടനം നടത്തിയിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ ? | (സി) | ഇക്കാര്യത്തിൽ യൂണിവേഴ്സിറ്റി പ്രത്യേക അന്വേഷണത്തിന് ഉത്തരവിട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ